*Celebrating Extraordinary Missionary Month October 2019…*

# Thursday, 24 October 2019

ഏലിയാ സ്ലീവാ മൂശാകാലം ഏഴാം വ്യാഴം

Lk 9:46-48

## ആരാണ് വലിയവൻ

Fr. Winson Moyalan CMI

തനിക്ക് നേരിടാനിരിക്കുന്ന വലിയ തിരസ്ക്കരണത്തെക്കുറിച്ചും, പീഡാനുഭവത്തെക്കുറിച്ചും യേശു നല്കുന്ന പ്രവചനം നടത്തുമ്പോൾ തങ്ങളിൽ ആരാണ് വലിയവൻ എന്ന തർക്കത്തിലാണ് ശിഷ്യർ.

ഒരു ശിശുവിനെ മുൻനിർത്തിയാണ് യേശു അതിന് മറുപടി നല്കുന്നത്. കുഞ്ഞുങ്ങൾ മുതിർന്നവരുടെ കണ്ണിൽ തിരസ്കൃതരും, വിലയില്ലാത്തവരുമാണ്. അവരുടെ വാക്കുകൾ ആരും ചെവികൊടുക്കാറില്ലായിരുന്നു. "പ്രഭാതത്തിലെ നിദ്രയും നട്ടുച്ചയ്ക്ക് വീഞ്ഞും, കുട്ടികളോടുള്ള കിന്നാരവും മനുഷ്യനെ നശിപ്പിക്കുന്നു." ( ജ്ഞാനം 3:10 )

ഇത്  യേശുവിനോടുള്ള മറ്റുള്ളവരുടെ മനോഭാവത്തിലും  അന്വർത്ഥമാണല്ലോ? ആരും അവന്റെ വാക്കുകൾ മുഖവിലയ്ക്കെടുക്കുന്നില്ല. എല്ലായിടത്തും അവഗണിക്കപ്പെടുന്നു.

എല്ലാവരാലും നിരാകരിക്കപ്പെടുന്ന യേശുവും, ആരാലും പരിഗണിക്കപ്പെടാത്ത ശിശുവും തമ്മിലുള്ള സാധർമ്മ്യവും തന്നെയാണ് ശിശുവിനെ ഉയർത്തി പിടിക്കുന്നതിലൂടെ യേശു നമ്മെ പഠിപ്പിക്കുന്നത്.

എന്നാൽ അവഗണിക്കപ്പെട്ടവർക്കും, തിരസ്കൃതർക്കും, ദരിദ്രർക്കും എന്നും ദൈവം കൂടെയുണ്ടായിരിക്കും. അതു കൊണ്ട് രണ്ടു കൂട്ടർക്കും ദൈവസന്നിധിയിൽ വിലയുണ്ട്. എല്ലാ മനുഷ്യർക്കും വിലയുണ്ട്.  കാരണം അവൻ ദൈവത്തിന് അമൂല്ല്യനും, ബഹുമാന്യനുമാണ്. ഈ പാഠം പകർന്നു കൊണ്ടാണ് യേശു തന്റെ പരസ്യ ജീവിതം പൂർത്തിയാക്കിയത്. ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വന്തം ജീവിതം അർപ്പിക്കാനുമാണ് യേശു വന്നത്.

അതിനാൽ തങ്ങളുടെ വലിമ പ്രദർശിപ്പിക്കുകയല്ല, സഹോദരനെ വളർത്തുകയെന്നതാണ് ശിഷ്യന്റെ കടമ. ദൈവത്തെ പൂർണ്ണ ആത്മാവോടും, പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കുക. രണ്ടാമത്തെ കല്പന: നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക. ഇവയെക്കാൾ വലിയ കല്പനയൊന്നുമില്ല." (MK 12: 30 - 31)

ശിശുക്കളെക്കുറിച്ചുള്ള ഈ പ്രബോധനവും രണ്ടാമത്തെ കല്പനയും ഒന്ന് തന്നെയാണ്. ഒരു ശിഷ്യൻ പ്രഘോഷിക്കേണ്ട ഏറ്റവും വലിയ വിഷയവും ഇത് തന്നെ.

*Published by*
CMI General Department of Evangelization and Pastoral Ministry